**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 114** **19-09-2025 - ൽ മറുപടിയ്ക്ക്**

**പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയാണ്. പാഠ്യപദ്ധതി പരിഷ്കരണം, സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി, പ്രീപ്രൈമറി മേഖലയിലെ പരിഷ്കരണങ്ങൾ എന്നിവയെല്ലാം ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു.<br>സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ പഠന നിലവാരം ഉയർത്താൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രധാന പരിപാടികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഐ. ടി. അധിഷ്ഠിത അദ്ധ്യയനത്തിന് ഊന്നൽ നൽകുന്നതിനായി നടപ്പിലാക്കിയ ടെക്കി ടീച്ചർ പദ്ധതി ഉൾപ്പെടെയുള്ള അദ്ധ്യാപക പരിശീലന പരിപാടികളുടെ വിശദാംശങ്ങളും ഇതിലൂടെ കൈവരിച്ച നേട്ടങ്ങളും വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിലെ എല്ലാ സ്കൂളുകളിലും ഡിജിറ്റൽ സൗകര്യങ്ങളുള്ള സ്മാർട്ട് ക്ലാസ് മുറികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമായാൽ ICT അധിഷ്ഠിത പഠനം യാഥാർത്ഥ്യമാക്കുന്നതിന് അധ്യാപകരെ പരിശീലിപ്പിക്കേണ്ടതുണ്ട്. അധ്യാപകരുടെ സാങ്കേതിക സാക്ഷരത വർദ്ധിപ്പിക്കുന്നതിനായി പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിലെ എല്ലാ ഐ.ടി കോർഡിനേറ്റർമാർക്കും, ടെക്കി ടീച്ചർ പദ്ധതിയിലൂടെ പരിശീലനം നൽകി.<br>നേട്ടങ്ങൾ<br>1. ഏറ്റവും പുതിയ ഡിജിറ്റൽ പഠന തന്ത്രങ്ങളിലും ഗാഡ്ജെറ്റുകളുടെ ഉപയോഗത്തിലും അധ്യാപകർക്ക് പരിശീലനം നൽകി.<br>2. പുതിയ സാങ്കേതിക ഉപകരണങ്ങളുള്ള ഹൈ-ടെക് ക്ലാസ്സ് മുറികളും സാങ്കേതിക പരിശീലനം നേടിയ അധ്യാപകരെയും സ്കൂളുകളിൽ ഉറപ്പാക്കി.<br>3. ഏറ്റവും പുതിയ ഗാഡ്ജെറ്റുകളും സാങ്കേതിക വിദ്യയും ഉപയോഗിച്ച് പഠനപരിവർത്തനങ്ങൾ നടത്തുന്നതിൽ അധ്യാപകർക്ക് ആത്മവിശ്വാസം |

| | | | |
|---|---|---|---|
| | | | വർദ്ധിച്ചു.<br>4. 'The Techie Teacher Training' പദ്ധതിയിലൂടെ പരിശീലനം ലഭിച്ച പ്രൈമറി സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർ (പി.എസ്.ഐ.ടി.സി), സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർ (എസ്.ഐ.ടി.സി), ഹയർ സെക്കന്ററി ഐ.ടി കോ-ഓർഡിനേറ്റർ (എച്ച്.ഐ.ടി.സി/വി.എച്ച്.ഐ.ടി.സി) എന്നിവർ സ്കൂളിലെ മറ്റ് അധ്യാപകർക്കും കൈറ്റ് തയ്യാറാക്കിനൽകിയ പ്രത്യേക മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ പരിശീലനം നൽകുന്നതിന് സാധിച്ചു. |
| (സി) | പാർശ്വവൽകൃത മേഖലകളിലെ ജനങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങളിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാനത്തെ പാർശ്വവൽകൃത മേഖലകളിലെ ജനങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങളിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സമഗ്ര ശിക്ഷാ മുഖാന്തിരം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | സ്കൂളുകളിൽ സ്ഥാപിച്ച ടിങ്കറിംഗ് ലാബുകൾ മുഖേന നടപ്പാക്കിയ പ്രോഗ്രാമുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | പ്രൈമറി ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളിലെ ശാസ്ത്രാഭിരുചി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2020-21 വർഷം മുതൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ടിങ്കറിംഗ് ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ അന്വേഷണാത്മക ശാസ്ത്ര പഠനം പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന ഉപകരണങ്ങളുടെ കിറ്റുകൾ, ടിങ്കറിംഗ് ലാബുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. സെൻസർ അലാറം, ഇലക്ട്രോണിക് ഉപകരണങ്ങളുടെ പാർട്സുകളുടെ നിർമ്മാണം, ഫർണിച്ചർ, ആഭരണം എന്നിവയുടെ പാർട്സ് നിർമാണം, ഫാഷൻ വസ്തുക്കളുടെ നിർമാണം. ടൂൾ ആന്റ് ഡൈമേക്കിംഗ്, ഫുഡ് മാനുഫാക്ചറിംഗ്, ബയോപ്രിന്റിംഗ്, സ്ട്രീറ്റ് ലൈറ്റ്. ട്രാഫിക്ക് ക്യാമറകൾ, വ്യവസായ മേഖല, നിർമ്മിത ബുദ്ധി, ഡാറ്റാ അനലിറ്റിക്സ്, കുറ്റകൃത്യങ്ങളിൽ മുഖം തിരിച്ചറിയൽ, ബിഗ് ഡാറ്റാ തുടങ്ങി നിരവധി മേഖലകളിൽ പ്രയോജനപ്പെടുത്താവുന്ന പ്രവർത്തനങ്ങൾ ടിങ്കറിംഗ് ലാബുകളിലൂടെ കുട്ടികൾക്ക് മനസ്സിലാക്കുവാൻ സാധിക്കും.<br>കുട്ടികൾക്ക് ക്ലാസ് മുറികളിൽ നേടിയ അറിവുകളെ ഉപയോഗപ്പെടുത്തി പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെട്ട് വിവിധ ശാസ്ത്രാശയങ്ങളും നൂതനാശയങ്ങളും രൂപീകരിക്കാനുള്ള ഇടങ്ങളാണ് ടിങ്കറിംഗ് ലാബുകൾ. സെക്കന്ററി വിഭാഗം കുട്ടികൾക്ക്, ശാസ്ത്രം, ഗണിതം, സാങ്കേതിക വിദ്യാ ഇവ സംയോജിപ്പിച്ച് നൂതനാശയങ്ങൾ കണ്ടെത്താനുള്ള സ്വതന്ത്ര വഴികൾ തേടാനുള്ള സജ്ജീകരണങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. ടിങ്കറിംഗ് ലാബുകളിലൂടെ |

| | | | |
|---|---|---|---|
| | | | കുട്ടികളുടെ പ്രോജക്ടുകളുടെ രൂപീകരണം, അദ്ധ്യാപക പരിശീലനങ്ങൾ, Do It Yourself (DIF) കിറ്റ് പരിശീലനങ്ങൾ, കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ പങ്കാളിത്തത്തോടു കൂടി നടന്ന 'ടിങ്കർ ഫെസ്റ്റ്' തുടങ്ങിയ വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഹൈസ്കൂൾ കരിക്കുലവുമായി ചേർന്ന് ടിങ്കറിംഗ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**<u>സമഗ്രശിക്ഷാ കേരളം മുഖാന്തിരം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രധാന പരിപാടികൾ</u>**

**1. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി**

**2. പഠനപോഷണ പരിപാടികൾ**

i. മലയാളത്തിളക്കം

ii. ഹലോ ഇംഗ്ലീഷ്

iii. സുരീലി ഹിന്ദി

iv. ഹെൽപിംഗ് ഹാന്റ്

V. സചിത്ര പുസ്തകം

vi. സംയുക്തഡയറി

vii. മഞ്ചാടി ഗണിത പ്രോഗ്രാം

viil ഗണിതവിജയം

ix. ഉല്ലാസഗണിതം

x. ഗണിതലാബ്

xi ഗണിതകിറ്റ്

xii ഗണിതപാർക്ക്

xiil. വിവിധ ക്ലബ് പ്രവർത്തനങ്ങൾ

xiv. വർക്ക്ഷീറ്റുകൾ/അധിക പഠന സഹായികൾ

XV. ശാസ്ത്രപാർക്ക്

xvi. ശലഭപാർക്ക്

xvii. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള മെന്ററിംഗ്

xviii ബഡ്ഡിംഗ് റൈറ്റേഴ്സ്

xix. ശാസ്ത്രകിറ്റ്

xx. വായനാവസന്തം

xxi ക്ലാസ് ലൈബ്രറി

xxil കുഞ്ഞുവായന

**3. നൂതനാശയ പ്രവർത്തനങ്ങൾ**

i. സ്കൂൾ വെതർ സ്റ്റേഷൻ

ii. ലൈഫ്

iii. ക്രിയേറ്റീവ് കോർണർ

iv. വെർച്ചൽ റിയാലിറ്റി ലാബ്

**4. രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ പ്രവർത്തനങ്ങൾ**

i സ്റ്റീം എക്കോസിസ്റ്റം

ii. ഭൂമിശാസ്ത്രലാബ്

iii. ടിങ്കറിംഗ് ലാബ്

iv. ശാസ്ത്രപഥം

**5. വർക്ക് എഡ്യൂക്കേഷൻ**

i. സ്കിൽ ഡെവലപ്മെന്റ് സെന്റർ

ii. സ്കിൽ ടു വെൻചർ

iii ക്രാഫ്റ്റ്

iv. ശക്തി

**6. പ്രീ-സ്കൂൾ ശാക്തീകരണം- വർണ്ണക്കൂടാരം**

**7. ഫൗണ്ടേഷണൽ ലിറ്ററസി & ന്യൂമറസി പ്രവർത്തനങ്ങൾ**

**8. അധ്യാപക പരിശീലനങ്ങളും ശില്പശാലകളും**

**9. മൂല്യ നിർണയ രീതികളിൽ വരുത്തുന്ന മാറ്റങ്ങൾ**

**10. സബ്ജക്ട് മിനിമം ഏർപ്പെടുത്തുന്നത്.**

**11. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സവിശേഷ പ്രവർത്തനങ്ങൾ**

**12. പാർശ്വവൽകൃത സമൂഹത്തിലെയും ഗോത്രമേഖലയിലും തീരദേശമേഖലയിലും നടത്തുന്ന പ്രത്യേക പ്രവർത്തനങ്ങൾ.**

**13. അതിഥി തൊഴിലാളികളുടെ മക്കൾക്കായി നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികൾ.**

<u>കൈറ്റ് മുഖാന്തിരം നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ</u>

1. കൈറ്റിന്റെ നേതൃത്വത്തിൽ സെക്കന്ററി, ഹയർ സെക്കന്ററി മേഖലകളിൽ ഹൈടെക് സ്കൂൾ പദ്ധതിയും ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിൽ ഹൈടെക് ലാബ് പദ്ധതിയും നടപ്പിലാക്കി.

2. സ്കൂളിലേയ്ക്ക് ഐ.ടി, ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനോടൊപ്പം അനുയോജ്യമായ ഡിജിറ്റൽ പഠന വിഭവങ്ങൾ 'സമഗ്രപ്ലസ്' പോർട്ടലിലൂടെ ലഭ്യമാക്കുന്നു.

3. സാങ്കേതിക സൗകര്യങ്ങളും സംവിധാനങ്ങളും ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്തുന്നതിന് എല്ലാ അധ്യാപകർക്കും പ്രത്യേക പരിശീലനം നൽകി.

4. ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലേയ്ക്ക് പ്രത്യേക ഐ.സി.ടി. പാഠപുസ്തകങ്ങൾ ലഭ്യമാക്കുകയും ഏഴ്, എട്ട്, ഒൻപത് ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസും പത്താം ക്ലാസിൽ റോബോട്ടിക്സും ഐ.സി.ടി പാഠപുസ്തകങ്ങളിൽ എ.വി.ജി.സി (അനിമേഷൻ, വിഷ്വൽ എഫക്ട്സ്, ഗെയിമിംഗ്, കോമിക്സ്) സംവിധാനങ്ങളും ഉൾപ്പെടുത്തി.

5. വിവരവിനിമയ സാങ്കേതികവിദ്യയിൽ അഭിരുചിയും കഴിവും ഉള്ള കുട്ടികളുടെ ഒരു സംഘത്തെ വളർത്തിയെടുക്കുന്നതിനായി 2264 ഹൈസ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് പദ്ധതി ആരംഭിക്കുകയും ചെയ്തു.

## അനുബന്ധം 2

### 1. റസിഡൻഷ്യൽ ഹോസ്റ്റൽ

മലയോര പ്രദേശത്തെ കുട്ടികളുടെ ആവാസ കേന്ദ്രത്തിലെ ഭൂമി ശാസ്ത്ര പരമായ പ്രത്യേകതകൾ, യാത്രാ സൗകര്യമില്ലായ്മ, വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥ, കൊഴിഞ്ഞ് പോക്ക് തുടങ്ങിയവ പരിഹരിക്കുന്നതിനായി ചുവടെ പറയുന്ന 5 ജില്ലകളിലായി ആൺകുട്ടികൾക്കായി ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു.

ഇടുക്കി – മറയൂർ, അടിമാലി

പത്തനംതിട്ട – റാന്നി

തിരുവനന്തപുരം – കോട്ടൂർ

മലപ്പുറം – നിലമ്പൂർ

കണ്ണൂർ – ആറളം ഫാം

ഓരോ ഹോസ്റ്റലിലും 50 ആൺകുട്ടികൾക്ക് താമസിച്ച് പഠിക്കാൻ അവസരം ഒരുക്കുന്നു. ഇടുക്കിയിലെ മറയൂരിലും മലപ്പുറത്തെ നിലമ്പൂരിലും ഹോസ്റ്റലുകൾ പണിയുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ നിലമ്പൂരിലെ ഹോസ്റ്റൽ നിർമ്മാണം നടന്നു വരുന്നു.

### 2. യാത്രാ സൗകര്യം ഒരുക്കൽ

പൊതുഗതാഗത സൗകര്യം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ നിന്നും സ്കൂളിൽ ദിവസേന വന്നു പഠിക്കുന്ന കുട്ടികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിനായി ഒരു കുട്ടിയ്ക്ക് ഒരു മാസം പരമാവധി 600/- രൂപ നിരക്കിൽ ഒരു വർഷം 6000/- രൂപ നൽകുന്നു.

### 3. സ്പെഷ്യൽ ട്രെയിനിംഗ് സെന്ററുകൾ

പല കാരണങ്ങളാലും വിദ്യാലയങ്ങളിൽ പ്രവേശനം നേടാത്തതും കൊഴിഞ്ഞുപോയതുമായ കുട്ടികളെ സർവ്വെയിലൂടെ കണ്ടെത്തി വിദ്യാലയങ്ങളിൽ ചെർക്കുന്നു. സ്കൂൾ പ്രവർത്തി സമയത്തിനു പുറമെയുള്ള സമയം കണ്ടെത്തി ബ്രിഡ്ജിംഗ് നൽകുന്നു. (ട്രൈബൽ, മൈഗ്രന്റ് മേഖലയിലെ കുട്ടികളാണ് ഭൂരിഭാഗവും). ഈ വർഷം 1753 കുട്ടികളെ ഇങ്ങനെ കണ്ടെത്തി വിദ്യാലയങ്ങളിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

### 4. SEVAS (Self Emerging Village by Advanced Support)

14 ജില്ലകളിൽ നിന്നും പാർശ്വവത്കൃത മേഖലയിലെ ഓരോ പഞ്ചായത്ത് തെരഞ്ഞെടുത്ത് കുട്ടി ജീവിക്കുന്ന വീട്, ചുറ്റുപാട്, സമൂഹം ഇവയിൽ മാറ്റം ഉണ്ടാക്കി കുട്ടിയുടെ പഠനം ഉറപ്പാക്കുന്ന പദ്ധതി.

### 5. സ്കഫോൾഡ്

Academic Score, Vulnerability Score, Interview, Written test, Group discussion എന്നിവയിലൂടെ പ്ലസ് വൺ ൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന 50 കുട്ടികളെ വീതം കണ്ടെത്തി, അവർക്ക് ആത്മ വിശ്വാസം നൽകി, ഉന്നത പഠന കേന്ദ്രങ്ങളിലും തുടർന്ന് കരിയറിലും എത്തിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതി

### 6. പാർശ്വവൽകൃത മേഖലകയിലെ കുട്ടികളുടെ തുടർ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി പ്രവർത്തിക്കുന്ന പഠനമുറികൾ

### 7. പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ

സാമൂഹികമായും വിദ്യാഭ്യാസപരമായും പാർശ്വവത്കരിക്കപ്പെടുന്ന വിഭാഗത്തിലെ കുട്ടികളുടെ സാമൂഹികവും അക്കാദമികവുമായ വികാസം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കേന്ദ്രങ്ങൾ.

### 8. ഊരു വിദ്യാകേന്ദ്രം

ആദിവാസി മേഖല കേന്ദ്രീകരിച്ച് 7 ജില്ലകളിലായി വിദ്യാലയ പ്രവേശനവും പഠനതുടർച്ചയും ഉറപ്പാക്കാനും ഓരോ പ്രാദേശിക വിഭാഗവും നേരിടുന്ന പ്രശ്നങ്ങളെ തിരിച്ചറിഞ്ഞ് അതിനനുസൃതമായ പ്രവർത്തനങ്ങൾ നടപ്പിലാക്കാനും ലക്ഷ്യമിട്ട് നടപ്പിലാക്കിയ പദ്ധതി.

**9.** ഏഷ്യയിലെ ഏറ്റവും പ്രാചീനമായ ഗോത്ര വിഭാഗക്കാരായ മലപ്പുറം ജില്ലയിലെ നിലമ്പൂർ വനത്തിലെ ചോലനായ്ക്കർ വിഭാഗത്തിലെ കുട്ടികളെ അക്കാദമികമായി പ്രോത്സാഹിപ്പിക്കുന്നതിനായി 'എങ്കെ എങ്ക കൂട്ടം എന്ന പരിപാടി കൂടി കേന്ദ്രീകൃതമായി നടത്തി. പുലിമുണ്ട കോളനി കേന്ദ്രീകരിച്ച നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായി 12 കുട്ടികളെ വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കാൻ സാധിച്ചു.

**10.** കേരളത്തിലെ ഏക ആദിവാസി ഗ്രാമ പഞ്ചായത്തായ ഇടമലക്കുടി' കേന്ദ്രീകരിച്ച നടത്തിയ പ്രവർത്തനമാണ് ' പഠിപ്പുറസ്സി'. പഠിപ്പുറസ്സി പദ്ധതിയുടെ ഭാഗമായി കുട്ടികൾ സ്വതന്ത്രമായി എഴുതാനും വായിക്കാനും ആരംഭിച്ചു.

**11.** പഠിപ്പുറസ്സിയുടെ ഭാഗമായി ഗണിത മൊഡ്യൂളുകൾ തയ്യാറാക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

**12.** മൂന്നാർ ബി.ആർ.സി. യ്ക്ക് കീഴിൽ വരുന്ന ജി.ടി.എൽ.പി.എസ് ചെമ്പകത്തൊഴു കേന്ദ്രീകരിച്ച് കുടി ഉണ കൂട്ടം രൂപീകരിച്ചിട്ടുണ്ട്. കുടി ഉണകൂട്ടത്തിന്റെ അധ്യക്ഷൻ ഊരുമൂപ്പനും കൺവീനർ സ്കൂൾ എച്ച്.എം. ആണ്. പ്രാദേശിക സാമൂഹിക പങ്കാളിത്തത്തോടെ ഗോത്രവിഭാഗക്കാരിലെ വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് ലക്ഷ്യം.

**13.** പഠിപ്പുറസ്സി മാതൃകയിൽ കാസർഗോഡ്, പാലക്കാട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിലെ ഗോത്ര വിഭാഗക്കാരിലേക്ക് വ്യാപിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**14. മഴവിൽ പൂവ്**

ഗോത്ര വിഭാഗത്തിലെ ഒന്നാം ക്ലാസുകൾക്കായി സമഗ്ര ശിക്ഷാ കേരളം 12 ഗോത്ര ഭാഷകളിലായി മഴവിൽ പൂവ് എന്ന പേരിൽ വീഡിയോ ക്ലാസ്സുകൾ തയ്യാറാക്കുകയും എസ്.എസ്.കെ യുടെ യൂട്യൂബ് ചാനലായ – വൈറ്റ് ബോർഡ് എസ്.എസ്.കെ വഴി പ്രസ്തുത കുട്ടികളിൽ എത്തിക്കുകയും ചെയ്തു.

**15. ബീച്ച് ടു ബെഞ്ച്**

തീരദേശങ്ങളിലെ കുട്ടികളെ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ എത്തിക്കാനായി സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഇത്. തീരദേശത്തെ തിരഞ്ഞെടുക്കപ്പെട്ട ബി.ആർ.സി കളിൽ നടപ്പിലാക്കിയ പരിപാടിയുടെ ഭാഗമായി പഠന പിന്നോക്കാവസ്ഥ നിലനിന്ന കുട്ടികളിൽ വലിയ മാറ്റങ്ങളാണ് വരുത്തിയത്. കുട്ടികൾക്ക് വീടുകളിൽ ആവശ്യമായ പഠനപിന്തുണ ലഭിക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഇതിനായി തീരദേശമേഖലയിലെ വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ പഠന താല്പര്യങ്ങളായ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള വിവിധ പരിപാടികൾ ഇതിലൂടെ ആവിഷ്കരിച്ചിട്ടുണ്ട്. പരിപാടിയിൽ പങ്കെടുത്ത കുട്ടികളിൽ വന്ന മാറ്റങ്ങൾ, രക്ഷാകർതൃ സമൂഹത്തിലുണ്ടായ വിദ്യാഭ്യാസത്തെ കുറിച്ചുള്ള തിരിച്ചറിവ് എന്നിവ അക്കാദമിക മികവ് പുലർത്തുന്നതിന് കുട്ടികളെ സഹായിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ പദ്ധതികളുടെ വിലയിരുത്തൽ ഓരോ വർഷവും ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നടത്തുകയും കൂടുതൽ മെച്ചപ്പെടുത്തലുകളോടെ തുടർന്ന് നടപ്പിലാക്കുകയും ചെയ്ത് വരുന്നു. വിവിധ ഡയറ്റുകളുടെ നേതൃത്വത്തിൽ സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ക്വാളിറ്റി പ്രവർത്തനങ്ങളുടെ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

പാർശ്വവൽകൃത മേഖലകളിലെ ജനങ്ങൾക്കുൾപ്പെടെ എല്ലാ പ്രദേശങ്ങളിലും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്ന രീതിയിലാണ് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ഹൈടെക് ലാബ്, ഡിജിറ്റൽ എഡ്യൂക്കേഷൻ സംവിധാനങ്ങൾ നടപ്പിലാക്കിയത്.